LIBRARY ARCHIVES Kerala Legislative Assembly

3) ആയുഷ് വകുപ്പ് 25-2-2021-ലെ സ.ഉ.(കൈ) നമ്പർ 7/2021/ആയുഷ് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിൽ അനുവദിച്ച 8 സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്കും 25-2-2021-ലെ സ.ഉ.(കൈ) നമ്പർ 5/2021/ആയുഷ് ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യസ വകുപ്പിൽ അനുവദിച്ച 19 തസ്തികകളിൽ 3 തസ്തികകളിൽ നിയമനം നടത്തുകയും 4 തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുകയും 12 തസ്തികകളിൽ യോഗ്യതയും നിയമന രീതിയും നിശ്ചയിക്കുന്ന കാര്യം പരിശോധിച്ചുവരികയുമാണ്. ബാക്കിയുള്ള 273 തസ്തികകൾ കാറ്റഗറി തിരിച്ചു അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഡി) കാറ്റഗറി തിരിച്ച് തസ്തിക സൃഷ്ടിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

25-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/2021/ആയുഷ്, 25-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 7/2021/ആയുഷ്, 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 49/2021/ആ.കു.വ., 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 50/2021/ആ.കു.വ., 23-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 64/2021/ആ.കു.വ., 3-8-2021-ലെ സർക്കാർ ഉത്തരവ് (കൈ) 143/2021/ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

ആരോഗ്യ വകുപ്പിന്റെ കീഴിൽ ഒഴിവുള്ള തസ്തികകൾ

219 (3246) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ ഏതെല്ലാം തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ?

വയനാട് മെഡിക്കൽ കോളേജിലും ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഓരോ തസ്തികയും എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നുവെന്നും പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2-വിലെ 10 ഒഴിവുകൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതു സീനിയോറിറ്റി ലിസ്റ്റിൽനിന്നും നികത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊമോഷൻ തസ്തികകളിലേയ്ക്ക് ഡി.പി.സി. കൂടി പ്രൊമോഷൻ നടത്തി നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം നൽകുന്നതിന് നടപടി

220 (3247) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O. (MS) 109/2018/എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം ആശ്രിത നിയമനത്തിന് ഉത്തരവായ ആർക്കെങ്കിലും നാളിതുവരെ നിയമനം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

നിയമനം നൽകിയിട്ടില്ല. ടി ഉത്തരവ് പ്രകാരം നിയമനാനുവാദം ലഭിച്ച ഉദ്യോഗാർഥിയുടെ നിയമനത്തിനുള്ള ടേൺ എത്തിയിട്ടില്ല.

(ബി) ആരോഗ്യ വകുപ്പിൽ അപേക്ഷ സമർപ്പിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ആശ്രിത നിയമനം നൽകാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞവർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) OA (EKM) 280/2019 നമ്പർ കേസ്സുമായി ബന്ധപ്പെട്ട MA(EKM) 898/2019, OA.No.2141/2018 നമ്പർ കേസ് എന്നിവയിലെ യഥാക്രമം27-5-2019-ലെയും 1-7-2019-ലെയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ ഒരു വർഷം 5% ഒഴിവുകൾ മാത്രം ആശ്രിതനിയമനം നൽകുന്നതിനായി പരിമിതപ്പെടുത്തി സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ആശ്രിതനിയമനത്തിനുള്ള അപേക്ഷ തീയതി അടിസ്ഥാനമാക്കിയുള്ള ഉദ്യോഗാർത്ഥികളുടെ മുൻഗണനാപട്ടികയുടെ അടിസ്ഥാനത്തിലാണ് നിയമനം നൽകിവരുന്നത്. നിലവിൽ ക്ലാർക്ക് തസ്തികയിൽ 238 പേർക്ക് ആശ്രിത നിയമന പ്രകാരം നിയമനം നൽകാൻ ബാക്കി നിൽക്കുന്നുണ്ട്. ഒഴിവുകൾ വരുന്ന മുറയ്ക്ക് ആശ്രിത നിയമനം യഥാവിധി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly